**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2151 | 13.06.2019 ൽ മറുപടിയ്ക്ക് |
|---|---|
| **വനിതാ ശിശുക്ഷേമ വകുപ്പിന്റെ ശാക്തീകരണം** | |
| ചോദ്യം | മറുപടി |
| **ഡോ.എൻ. ജയരാജ്**<br>**ശ്രീ.റോഷി അഗസ്റ്റിൻ**<br>**,, മോൻസ് ജോസഫ്**<br>**,, സി.എഫ്.തോമസ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ മന്ത്രി)** |
| എ) സംസ്ഥാനത്ത് വനിതാ ശിശുക്ഷേമ വകുപ്പ് രൂപീകരിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | എ) 30/06/2017 ലെ സ.ഉ(കൈ) നം. 24/17/സാനീവ നമ്പർ ഉത്തരവു പ്രകാരമാണ് സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിനായി വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചത്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| ബി) പ്രസ്തുത വകുപ്പിന്റെ അധികാര ശ്രേണി, ജില്ലാതലത്തിലും താലൂക്ക് തലത്തിലുമുള്ള ഘടന എന്നിവ എങ്ങനെയെന്ന് വ്യക്തമാക്കാമോ; | ബി) വകുപ്പ് അദ്ധ്യക്ഷൻ ഡയറക്ടർ, ജില്ലാതലത്തിൽ 14 ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ, 14 ജില്ലാ പ്രോഗ്രാം ഓഫീസർമാർ, 14 വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർ, ബ്ലോക്ക് തലത്തിൽ 258 ശിശു വികസന പദ്ധതി ഓഫീസർമാർ കൂടാതെ വനിതകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായുള്ള സ്ഥാപനങ്ങൾ എന്നിവയും ഉൾക്കൊള്ളുന്നു. |
| സി) ബ്ലോക്ക് തലത്തിൽ ഓഫീസുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | സി) ബ്ലോക്ക് തലത്തിൽ നിലവിൽ 258 ശിശു വികസന പദ്ധതി ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. പുതിയ തസ്തികകൾ ആവശ്യമുള്ള പക്ഷം ആയതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - വനിത-ശിശു വികസന വകുപ്പ് രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(കൈ)നം.24/2017/സാനീവ തീയതി, തിരുവനന്തപുരം,30.06.2017**

---

പരാമർശം: (1) 24.06.2016 ലെ ബഹു. കേരള ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം.

(2) 17.09.2016 ലെ സ.ഉ.(സാധാ)നം.436/2016/സാനീവ.

(3) 2017-18 ലെ ബജറ്റ് പ്രസംഗം.

**ഉത്തരവ്**

സ്ത്രീകളുടെയും കുട്ടികളുടെയും വികാസത്തിനായി ഒരു പുതിയ വകുപ്പ് സൃഷ്ടിക്കുന്നതാണെന്ന് പരാമർശം (1) പ്രകാരം ബഹു. കേരള ഗവർണ്ണർ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം സാമൂഹ്യനീതി വകുപ്പ് മുൻ ഡയറക്ടർ ശ്രീ.വി.എൻ.ജിതേന്ദ്രനെ ചുമതലപ്പെടുത്തുകയും അദ്ദേഹം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്ത്രീകൾക്കു വേണ്ടിയുളള പ്രത്യേക വകുപ്പ് 2017-18 ൽ നിലവിൽ വരുമെന്ന് പരാമർശം (3) പ്രകാരവും പ്രഖ്യാപിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പ് മുൻ ഡയറക്ടർ ശ്രീ.വി.എൻ.ജിതേന്ദ്രൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചും സ്ത്രീകളുടെയും കുട്ടികളുടെയും വികാസത്തിനായി വനിത-ശിശു വികസന വകുപ്പ് രൂപീകരിച്ചും ആയതിലേയ്ക്ക് ചുവടെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചും ഇതിനാൽ ഉത്തരവാകുന്നു.

i. ഡയറക്ടർ - 1 (ഒന്ന്)

ii. ജില്ലാ ഓഫീസർ - 14 (പതിനാല്)

iii. ലോ ഓഫീസർ - 1 (ഒന്ന്)

iv. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ - 1 (ഒന്ന്)

v. ഫിനാൻസ് ഓഫീസർ - 1 (ഒന്ന്)

vi. സപ്പോർട്ടിംഗ് സ്റ്റാഫ്

(എ) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - 1 (ഒന്ന്) (ഡയറക്ടർക്ക്)

(ബി) ഡ്രൈവർ - 1 (ഒന്ന്) (ഡയറക്ടർക്ക്)

(സി) ഓഫീസ് അറ്റൻഡന്റ് - 4 (നാല്) ( ഡയറക്ടർ, ലോ ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവർക്ക്)

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**റാണി ജോർജ്ജ്**
**സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (01.06.2017 ലെ WW1/94/2017/Fin പ്രകാരം)
പൊതുഭരണ (എസ്.സി)വകുപ്പ് (28.06.2017 ലെ ഇനം.നം. 1166)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. ന്
ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പി.എസ്. ന്
സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ പി.എസ്. ന്
സാമൂഹ്യനീതി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്